LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധിയിലായ വ്യവസായ സ്ഥാപനങ്ങൾ

157(2195) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലായ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിൽ വ്യവസായ വകുപ്പിനു വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭകരമായിരുന്ന വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലും പ്രതിസന്ധിയിലുമായിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിൽ എത്രത്തോളം ഈ സർക്കാർ വിജയിച്ചിട്ടുണ്ട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിലായിരുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ കാരണങ്ങളാൽ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും പ്രവർത്തന മൂലധനവുമായി 880 കോടിയിലധികം രൂപ നൽകിയിട്ടുണ്ട്.

കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണം

158(2196) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂക കെൽട്രോണിന് അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത രൂക ഗ്രാന്റായി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നു മുതലാണ് തൊഴിലാളികൾക്ക് പുതിയ ശമ്പളം നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) വർഷങ്ങളായി ജോലി ചെയ്യുവരുന്ന കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?